# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5020 — 14.11.2019-ൽ മറുപടിയ്ക്ക്**

**കൊച്ചി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |

എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിൽ തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിലുൾപ്പെടുത്തി 235.80 ലക്ഷം രൂപയുടെ 7 പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ ) |
|---|---|---|
| | 2016-17 | |
| 1. | കുമ്പളങ്ങി ആഞ്ഞിലിത്തറ റോഡ് | 33 |
| 2. | കാട്ടിപ്പറമ്പ് കളത്തറ റോഡ് | 55 |
| | 2017-18 | |
| 1. | ചെല്ലാനം പഞ്ചായത്തിലെ വാർഡ് 14 ലുൾപ്പെട്ട ഫിഷർമെൻ കോളനി റോഡ് | 59.30 |
| 2. | കരിയിത്തറ റോഡ് | 24.10 |
| 3. | പോസ്റ്റ് ഓഫീസ് റോഡ് | 30 |
| | 2018-19 | |
| 1. | കുമ്പളങ്ങി സെന്റ് മേരീസ് റോഡ് | 15 |
| 2. | കുമ്പളം പഞ്ചായത്തിലെ മാഞ്ഞിലിക്കാട് ഫുട്ട്പാത്തിലെ ഇന്റർലോക്കിംഗ് പ്രവൃത്തി | 19.40 |
| | ആകെ | 235.80 |

ബി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികളിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ പൂർത്തി യാക്കാനുണ്ട്; പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കാനുള്ള കാലതാസം എന്തെന്ന് വ്യക്തമാക്കുമോ;

ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പ്രവൃത്തികളിൽ നബാർഡ് പ്രവൃത്തി, തീരദേശ റോഡ് പ്രവൃത്തികൾ ഉൾപ്പെടെ 1369.10 ലക്ഷം രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. പൂർത്തീകരിക്കാനുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും പൂർത്തീകരിക്കാനുള്ള കാലതാമസം സംബന്ധിച്ച വിവരങ്ങളും അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.

| | |
|---|---|
| സി) ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ എത്ര തുകയുടെ ഏതെല്ലാം പ്രവൃത്തികൾ ക്കാണ് സാങ്കേതികാനുമതി നൽകാനുളളത്; പ്രസ്തുത പ്രവൃത്തികൾക്ക് സാങ്കേതികാനുമതി അടിയന്തരമായി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | സി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിൽ 261.20 ലക്ഷം രൂപയുടെ സാങ്കേതികാനുമതി നൽകാനുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു. |
| ഡി) ഇനി ഏതൊക്കെ പദ്ധതികൾക്ക് ഭരണാനുമതി നൽകാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | ഡി) ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തി പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനും, ആക്ഷൻ ഹാൾ, കാന്റീൻ, ഡോർമെറ്ററി, ഓവർഹെഡ് വാട്ടർ ടാങ്ക്, നെറ്റ്മെൻഡിംഗ് ഷെഡ്, ടോയ്-ലെറ്റ് ബ്ലോക്ക്, ലോക്കർറൂം, പാർക്കിംഗ് ഏരിയ & ഡ്രെയിൻ, ഗിയർഷെഡ് എന്നിവ നിർമ്മിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരികയാണ് ഏകദേശം 54 കോടി എസ്റ്റിമേറ്റ് തുക വരുന്ന ടി പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തീരദേശ റോഡുകളുടെ വികസന പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുകയും ഭരണാനുമതി നൽകാത്തതുമായ റോഡുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

| ക്രമ നം. | **2017-18 ലിസ്റ്റ് - 3** |
|---|---|
| 16 | ചെല്ലാനം പഞ്ചായത്ത് വാർഡ് 16 ലെ കുന്നേ പാലത്തിൽ നിന്നും വടക്കോട്ട് ഉപ്പത്തക്കാട്ടു തോടിനു ഇരുവശവും കൽച്ചിറയോടു കൂടിയ നടപ്പാത നിർമ്മാണം |
| | **2019-20 ലിസ്റ്റ് - 1** |
| 137 | വാർഡ് -10 പുത്തൻതോട് ഫിഷറീസ് ഗ്യാപ്പ് റോഡിൽ നിന്ന് തെക്കോട്ട് റോഡ് |
| 138 | കണ്ണമാലി ഫിഷർമെൻ കോളനിയിലേയ്ക്കുള്ള ജനതാ റോഡ് നിർമ്മാണം |
| 139 | വാർഡ് -18 ചെല്ലാനം കമ്പനിപ്പടി കടപ്പുറം വരെ റോഡും അരികിൽ കവർ സ്ലാബോടു കൂടിയ കാനയും നിർമ്മാണം |
| 141 | കുമ്പളങ്ങി ഗ്രാമപഞ്ചായത്ത് വാർഡ് 16 ലെ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നത് |
| | 2019-20 ലിസ്റ്റ് 5 ൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സമർപ്പിക്കാനുണ്ട്. |
| 14 | കളത്തുമുറി മുതുകുപുരം റോഡ് |
| 15. | വാടച്ചിറ റോഡ് |
| 16. | സുനാമി കോളനി തറേപ്പറമ്പു റോഡ് |
| 17. | പോട്ടമുറി കോളനി റോഡ് |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (എ)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ ) | പൂർത്തീകരിക്കാനുണ്ടായ കാലതാമസം |
|---|---|---|---|
| 1 | നബാർഡ് - RIDF -XXIII -ചെല്ലാനം ഫിഷിംഗ് ഹാർബറിന്റെ രണ്ടാംഘട്ട വികസനം<br>1(a) അപ്രോച്ച് റോഡ് നിർമ്മാണം<br>1(b) ബ്രേക്ക് വാട്ടർ റിപ്ലെനിഷ്മെന്റ്<br>1(c) വാർഫ്, ആക്ഷൻ ഹാൾ, ഡ്രഡ്ജിംഗ് & റിക്ലമേഷൻ ബണ്ട് എന്നിവയുടെ നിർമ്മാണം | 1037 | 16/10/19 ലാണ് ടി പ്രവൃത്തിയ്ക്കാവശ്യമായ ഭൂമി ഭൂവുടമകളിൽ നിന്നും പൂർണ്ണമായും ലഭ്യമായത്. പ്രവൃത്തി ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ പുരോഗമിച്ചു വരുന്നു. |
| 2. | **തീരദേശ റോഡുകൾ 2017-18** | | |
| 1. | ചെല്ലാനം വലിയതുറ റോഡ് | 74 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2. | ചെല്ലാനം പഞ്ചായത്ത് വാർഡ് 14 ലെ കൊടച്ചൻകാട് പാണ്ടയാൽമുട്ടം റോഡ് | 55.70 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3. | കളത്തറ കൊച്ചുചിറ പാലവും റോഡ് പ്രവൃത്തിയും | 62.00 | പ്രവൃത്തി പുരോഗമിക്കുന്നു. |
| | **2018-19** | | |
| 1. | ചെല്ലാനം പഞ്ചായത്ത് വാർഡ് 14 ലെ ആലുംചിറ അരികുയിറ റോഡ് | 87 | കരാറുകാരന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. പ്രവൃത്തി തുടങ്ങുന്ന ഭാഗത്തുള്ള ഭൂമി LSGD വഴി ലഭ്യമാകാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 2. | കുമ്പളങ്ങി പഞ്ചായത്ത് വാർഡ് 2 ലെ SNDP പടിഞ്ഞാറേ ക്ഷേത്രം വടക്ക് സൈഡ് റോഡ് കുമറോത്ത് ആലുപറമ്പ് റോഡ് | 26.70 | 28/10/19 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. എറണാകുളം ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം ഉണ്ടായിരുന്നതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ സാധിക്കാതിരുന്നത്. |
| | **2019-20** | | |
| 1. | കുമ്പളങ്ങി പഞ്ചായത്തിലെ വാർഡ് 3 ലെ യുവജ്യോതി കൃഷി ഭവൻ ലിങ്ക് റോഡ് | 26.70 | 28/10/19 ൽ കരാറിലേർപ്പെട്ടിട്ടുണ്ട്. എറണാകുളം ഉപ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം ഉണ്ടായിരുന്നതിനാലാണ് പ്രവൃത്തി ആരംഭിജക്കാൻ സാധിക്കാതിരുന്നത്. |
| | **ആകെ** | **1369.10** | |

**സെക്ഷൻ ആഫീസർ**

## അനുബന്ധം (ബി)

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ ) | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| | 2016-17 | | |
| 1. | ചെല്ലാനം പഞ്ചായത്തിലെ വാർഡ് 12 ൽ ഉൾപ്പെട്ട മറുവക്കാട് സെന്റ് മേരീസ് സ്കൂളിന്റെ തെക്ക് കിഴക്ക് ഭാഗത്ത് ഫുട്ട്പാത്ത് നിർമ്മാണം | 68.00 | 3 തവണ ദർഘാസ് ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. ആയതിനാൽ സാങ്കേതികാനുമതി റദ്ദ് ചെയ്യുകയും പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | 2019-20 | | |
| 1. | ചെല്ലാനം പഞ്ചായത്ത് വാർഡ് 12 ലെ മരുവക്കാട് കിഴക്കൻ മേഖല റോഡ് | 85.60 | പഞ്ചായത്തിൽ നിന്നും കൺസന്റ് ലഭ്യമായിട്ടില്ല. ലാന്റ് അവയിലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായാലുടൻ തന്നെ സാങ്കേതികാനുമതി നൽകുന്നതാണ്. |
| 2. | കുമ്പളങ്ങി പഞ്ചായത്തിലെ വാർഡ് 1 ലെ നട്ടുവേലി തോടിന്റെ പുനരുദ്ധാരണം | 107.60 | ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ തോടിന്റെ സംരക്ഷണ പ്രവൃത്തികളാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഭരണാനുമതി ലഭ്യമായത് തീരദേശ റോഡിന്റെ ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ്. ആയതിനാൽ ഭരണാനുമതി ഉത്തരവ് റദ്ദാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| | ആകെ | 261.20 | |

**സെക്ഷൻ ആഫീസർ**